# 70th Foundation Day of ICCR

**April 09, 2020**

## ICCR ന്റെ 70 മത് സ്ഥാപകദിനം

ഏപ്രിൽ 09, 2020

ഏപ്രിൽ 9 ന് ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് (ICCR) 70 മത് സ്ഥാപക ദിനം ആചരിക്കുകയാണ് . എന്നിരുന്നാലും, ഒരു വർഷം മുൻപ് ആസൂത്രണം ചെയ്ത ആഘോഷങ്ങൾ കോവിഡ് -19 നോടനുബന്ധിച്ച് ഇപ്പോൾ ഒരു വർഷത്തേയ്ക്ക് മാറ്റി വച്ചിരിക്കുന്നു .

"ICCR ഇന്ത്യൻ സംസ്കാരത്തെ ബുദ്ധിപൂർവായി മനസിലാക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്, ആഗോളസമൂഹവും മുൻപില്ലാത്ത വിധത്തിലുള്ള പ്രതിസന്ധികൾ നേരിടുന്ന ഈ സമയത്ത്, ഒറ്റപ്പെടലും വിച്ഛേദിക്കപ്പെട്ട അവസ്ഥയും അനുഭവിക്കേണ്ടിവരുമ്പോൾ, ഇന്ത്യൻ തത്വശാസ്ത്രത്തിന്റെ സന്ദേശം , വസുധൈവ കുടുംബകം അഥവാ ലോകം മുഴുവൻ ഒരു കുടുംബം എന്നത് മറ്റേതൊരു സമയത്തേക്കാളും കൂടുതൽ സമകാലികമായിരിക്കുകയാണ്.ഈ ലോക് ഡൌൺ ആയുള്ള അവസ്ഥയിലും, ICCR യോഗ, ശാസ്ത്രീയ നൃത്തം, ഹിന്ദി, സംസ്കൃതം എന്നിവയിൽ ഇ-ട്യൂട്ടോറിയലുകൾ നടത്തിക്കൊണ്ടിരിക്കുന്നു. "എന്ത് തന്നെയായാലും ഷോ തുടരുക തന്നെ വേണം" എന്ന ആവേശത്തിലാണ് നമ്മൾ പ്രവർത്തിക്കുന്നത്. കോവിഡ് -19 മൂലം നേരിടേണ്ടി വന്ന പ്രതിസന്ധികളെ വിഷയമാക്കി ആഗോള സാംസ്കാരിക മത്സരം പ്രഖ്യാപിച്ചിരുന്നു കൂടാതെ ഇത്തരത്തിലുള്ള കൂടുതൽ പരിപാടികളിലൂടെ നാം ഈ സന്ദർഭത്തിൽനിന്നും ഉയരുക തന്നെ ചെയ്യുന്നതാണ്.' ഈ അവസരത്തിലൂടെ തന്റെ സന്ദേശത്തിൽ ICCR പ്രസിഡന്റ് ഡോ വിനയ് സഹസ്രബുദ്ധി പറഞ്ഞു.

സംസക്യക ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇന്ത്യയ്ക്ക് ലോകത്തിലെ മറ്റുള്ള രാജ്യങ്ങളോടുള്ള പരസ്പരധാരണ മെച്ചപ്പെടുത്തുന്നതിനും മറ്റു വ്യക്തികളും ആളുകളുമായുള്ള സാംസ്കാരിക വിനിമയം പ്രചരിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് 1950 ഇന്ത്യയുടെ ആദ്യ വിദ്യാഭ്യാസ മന്ത്രിയായ മൗലാനാ അബ്ദുൽ കാലം ആസാദാണ് ICCR സ്ഥാപിച്ചത്.

കഴിഞ്ഞ ഏഴു ദശാബ്ദങ്ങളായി ഒരു സ്ഥാപനമെന്ന നിലയിൽ ICCR ന്റെ പ്രവർത്തനം ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യം പ്രചരിപ്പിക്കുന്നതിൽ പുതിയ മേഖലകൾ കീഴടക്കിയിരിക്കുന്നു കൂടാതെ നന്നായി രൂപകൽപന ചെയ്ത ലക്ഷ്യബോധമുള്ള പ്രവർത്തനങ്ങളിലൂടെ വിദേശകാര്യ മന്ത്രാലയത്തിന്റെ 'സോഫ്റ്റ് പവർ' ഘടകമായിമാറുകയും ചെയ്തിരുന്നു.

ഇതിന്റെ വിദേശത്തുള്ള 38 സാംസ്കാരിക കേന്ദ്രങ്ങളും ഇന്ത്യയിലെ 19 പ്രാദേശിക ഓഫിസുകളും മുഖേനെ ICCR ന്റെ വിപുലമായ തോതിലുള്ള സാംസ്കാരിക , വിദ്യാഭ്യാസ ബൗദ്ധിക കൈമാറ്റങ്ങൾ ഇന്ത്യയുടെ സംസ്കാരം വിദേശത്ത്

വ്യാപിപ്പിക്കുന്നു, ഇവയിൽ ഭാരതീയ കല ,ചരിത്രം,വാമൊഴി പാരമ്പര്യങ്ങൾ, നൃത്തം, സംഗീതം, യോഗ, ഭാഷകൾ, ഭക്ഷണം, ആഘോഷങ്ങൾ കൂടാതെ സമകാലീന വിഷയങ്ങളും ഉൾപ്പെടുന്നു.

ആഗോളതലത്തിൽ ഭാരതീയ സംസ്കാരത്തെ കുറിച്ചുള്ള ബൗദ്ധികമായ അറിവ് നേടുന്നത് ലക്ഷ്യം വച്ച് ICCR ന്റെ കീഴിലുള്ള പ്രവർത്തനങ്ങൾ പ്രധാനമായും താഴെ പറയുന്ന രീതിയിൽ തരം തിരിക്കാവുന്നതാണ്.

i. ഭാരതീയ സാംസ്കാരിക പ്രമുഖരുടെ സന്ദർശനം സ്പോൺസർ ചെയ്തും ഇന്ത്യയിലെ ആഘോഷങ്ങൾ വിദേശങ്ങളിൽ നടത്തിയും ഭാരതീയ കലകളുടെ പ്രചാരണം

ii. വിദേശ സാംസ്കാരിക സംഘങ്ങളെ ഇന്ത്യയിലേക്ക് സ്വീകരിക്കുകയും ഇന്ത്യയിൽ അന്താരാഷ്ട്ര ആഘോഷങ്ങൾ നടത്തുകയും ചെയ്യുക

iii. ഇന്ത്യയിലും വിദേശത്തും കല കരകൗശലം എന്നിവയുടെ പ്രദർശനം

iv. വിദേശത്തേയ്ക്ക് ഇന്ത്യയിലെ പ്രതിഭാധനരായ വ്യക്തികളുടെ രൂപങ്ങളും പ്രതിമകളും സമ്മാനിക്കുന്നു;

v. വിദേശീയരായ വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് പദ്ധതികൾ ആവിഷ്കരിക്കുന്നു

vi.ഫെലോഷിപ്പ് പ്രോഗ്രാമുകൾ, വിദേശ വിദ്യാഭാസ സ്ഥാപനങ്ങൾ/ യൂനിവെറൈറ്റികൾ എന്നിവയ്ക്ക് ഇന്ത്യക്കാരുടെ അധ്യക്ഷ ചുമതല നൽകുക

vii. വിദേശത്തു നിന്ന് പ്രത്യേക അറിവുകൾ ഉള്ള വിദ്യാഭ്യാസ വിചക്ഷണന്മാരെ ഇന്ത്യയിലേക്ക് സന്ദർശത്തിനായി കൊണ്ട് വരുക;

viii. അവാർഡ് പരിപാടികൾ (പൂർവവിദ്യാർഥികൾ, ഭാരതത്തെ കുറിച്ചുള്ള പഠനം, സംസ്കൃതം എന്നിവ);

ix. വിദേശത്ത്,  ഭാരതത്തിലെ ഭാഷകൾ മനസിലാക്കുന്നത് പ്രോത്സാഹിപ്പിക്കുക പ്രത്യേകിച്ചും ഹിന്ദി, സംസ്കൃതം കൂടാതെ ഭാരത സാഹിത്യം;

x. യോഗ പ്രചരിപ്പിക്കുക, വിദേശത്ത് അന്താരാഷ്ട്ര യോഗ ദിനം ആചരിക്കുക;

xi. വാർഷിക പ്രഭാഷണ സീരീസുകൾ നടത്തുക ( മെയ് 21 ലോക സാംസ്കാരിക ദിനത്തിൽ ദീൻ ദയാൽ ഉപാധ്യായ സ്മാരക പ്രഭാഷണം )

വർഷങ്ങളായി, ആശയങ്ങൾ, ആദർശങ്ങൾ, സംസ്കാരങ്ങൾ എന്നിവയുടെ സങ്കലനത്തിലൂടെ ICCR നമ്മുടെ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള പഴയ നാഗരികതയും സാംസ്കാരിക മൂല്യങ്ങളും ലോകത്തിന്റെ പലഭാഗത്തേയ്ക്കും എത്തിക്കുകയുണ്ടായി അതിലൂടെ വസുധൈവ കുടുംബകം അഥവാ ലോകമെല്ലാം ഒരു കുടുംബം എന്ന ലക്ഷ്യം പരിപാലിക്കുകയും ചെയ്യുന്നു. ICCR പൂർവ വിദ്യാർത്ഥികളടങ്ങുന്ന മുഖ്യ പ്രവർത്തകഗ്രൂപ്പ് ആഗോളീകരണത്തിൽ ഒരേ ആവേശത്തോടെ ഏറ്റടുക്കുകയും ICCR ന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുകയും ചെയ്യുന്നു.ഈ കൗൺസിലിൽ നിന്നും ഇപ്പോൾ ബിരുദം, ബിരുദാന്തര ബിരുദം, എം.ഫിൽ/പിഎച്ച്ഡി കൂടാതെ വ്യത്യസ്ത ഇന്ത്യൻ സർവ്വകലാശാലകൾ/ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഏകദേശം ഒരു വർഷത്തിൽ 4,000 സ്കോളർഷിപ്പുകൾ വാഗ്ദാനം ചെയ്യുന്നു.

ഇന്ത്യൻ സംസ്കാരവും നാഗരികതയും അടിസ്ഥാനമാക്കി പുതിയ അറിവുകൾ നേടുന്നതിനുള്ള ആഗ്രഹം ഏറ്റവും മുൻഗണനയുള്ളതായിരുന്നു. പണ്ടുകാലം മുതൽക്കു തന്നെ ലോകത്തെമ്പാടുമുള്ള ജ്ഞാനികളെയും ജ്ഞാന അന്വേഷകരെയും ഇന്ത്യ ആകർഷിച്ചിരുന്നു. ഇന്ത്യ പഠനത്തിന്റെ കേന്ദ്രമായിമായി തന്നെ തുടർന്നിരുന്നു കൂടാതെ കോൺഫറൻസുകൾ, സെമിനാറുകൾ, ഭാരതീയ പഠനങ്ങളുടെ അധ്യക്ഷ ചുമതലകൾ, ഇന്ത്യയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പൂർവ്വവിദ്യാർഥികളുടെ പ്രവർത്തനങ്ങൾ എന്നിവയിലൂടെ അറിവുകളുടെ കൈമാറ്റങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

ഏഴു ദശാബ്ദങ്ങളായുള്ള ഞങ്ങളുടെ നിലനിൽപ്പ് അഭിമാനവും സന്തോഷവും നൽകുന്ന ഒന്നാണ്. നമ്മൾ ഇപ്പോൾ നേരിട്ട് കൊണ്ടിരിക്കുന്ന കോവിഡ്-19 പകർച്ചവ്യാധി മൂലം ഏപ്രിൽ 9 നുള്ള സ്ഥാപകദിനം ഇന്ത്യയിലും വിദേശത്തും വ്യത്യസ്ത ഓൺലൈൻ പരിപാടികളോടെയാണ് ICCR ആചരിക്കുന്നത്. പ്രവാസികളായ ഇന്ത്യക്കാർക്കും അന്താരാഷ്ട്ര വിദ്യാർത്ഥികൾക്കും വേണ്ടി ലോകമെമ്പാടും ഉപന്യാസ മത്സരങ്ങൾ നടത്തുന്നതാണ്. ഇന്ത്യയിൽ പഠിക്കുന്ന ICCR വിദ്യാർത്ഥികളുടെ ബ്ലോഗ് സ്പെയ്സ് തുടങ്ങുന്നതാണ് കൂടാതെ വിദേശത്തുള്ള ഞങ്ങളുടെ ഇന്ത്യൻ മിഷനുകൾ തങ്ങളുടെ രാജ്യങ്ങൾക്ക് അനുയോജ്യവും ഉപകരപ്രദവുമായ രീതിയിൽ ഈ ദിവസം ആചരിക്കുന്നതാണ്.

ന്യൂ ഡൽഹി
09 ഏപ്രിൽ, 2020

Disclaimer: This is an approximate translation. The original is available in English on MEA's website and can be referred to as an official press release.